*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

189th Issue - Volume 5, No. 23 **ജാഗ്രത** 18th June 2011

“ നിങ്ങൾക്കു ലഭിച്ച വിളിക്കു യോഗ്യമായ ജീവിതം നയിക്കുവിൻ. പൂർണ്ണമായ വിനയത്തോടും ശാന്തതയോടും ദീർഘക്ഷമയോടും കൂടെ നിങ്ങൾ സ്നേഹപൂർവ്വം അന്യോന്യം സഹിഷ്ണുതയോടെ വർത്തിക്കുവിൻ. സമാധാനത്തിന്റെ ബന്ധത്തിൽ ആത്മാവിന്റെ ഐക്യം നിലനിർത്താൻ ജാഗരൂകരായിരിക്കുവിൻ”.

(എഫേസോസ് 4 :2-3)

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Philip Nelpuraparambil




## പ്രധാന വാർത്തകൾ

ബിസിനസ് എത്തിക്സ് വത്തിക്കാനിലെ ബിസിനസുകാരുടെ സമ്മേളനത്തിലെ ചർച്ചാവിഷയം

---

മാർപ്പാപ്പ ജിപ്സികളെ വത്തിക്കാനിലേക്കു സ്വാഗതം ചെയ്തു.

---

വികസനപ്രവർത്തനങ്ങളുടെ പേരിൽ പാവപ്പെട്ടവരെ പുറത്താക്കുന്നത് അപലപനീയം:
ബിഷപ് ഡോ.സ്റ്റീഫൻ അത്തിപ്പൊഴിയിൽ

---

അധ്യാപകർ സമൂഹത്തിന്റെ ശക്തി:
മാർ ജോസഫ് കല്ലറങ്ങാട്ട്

---

കുടുംബങ്ങളിലെ ആത്മീയ ചൈതന്യം തിരികെ കൊണ്ടുവരാൻ ജീസസ് യൂത്തിന് കഴിയും:
മാർ പോളി കണ്ണൂക്കാടൻ

---

യുവജനങ്ങൾ നന്മയുടെ വക്താക്കളാകണം:
മാർ ജോസഫ് പള്ളിക്കാപറമ്പിൽ

---

മതവും രാഷ്ട്രീയവും തമ്മിൽ കലഹിക്കേണ്ടതില്ല:
മാർ ജോസഫ് പെരുന്തോട്ടം

---

അഖണ്ഡ ബൈബിൾ പാരായണ യജ്ഞം

---

## വാരാന്ത്യവീക്ഷണം

സ്വാശ്രയ പ്രശ്നങ്ങൾ പരിഹൃതമാകാൻ

**ബിസിനസ് എത്തിക്സ് വത്തിക്കാനിലെ ബിസിനസുകാരുടെ സമ്മേളനത്തിലെ ചർച്ചാവിഷയം**

---

സാമ്പത്തികരംഗത്തെ നൈതികത ചർച്ച ചെയ്യുന്നതിനായി ലോകത്തിലെ പ്രധാന ബിസിനസ് നേതാക്കന്മാർ വത്തിക്കാനിലെത്തുന്നു. ജൂൺ 16-17 തീയതികളിലാണ് ബിസിനസ് രംഗത്തെ നൈതികതയെക്കുറിച്ചു ചർച്ച ചെയ്യാനുള്ള സമ്മേളനം നടക്കുന്നത്. നീതിക്കും സമാധാനത്തിനും വേണ്ടിയുള്ള വത്തിക്കാന്റെ കാര്യാലയമാണ് ഈ സമ്മേളനം ആസൂത്രണം ചെയ്തിരിക്കുന്നത്.

ബിസിനസ് നേതാക്കന്മാർ തങ്ങളുടെ പ്രവർത്തനരംഗത്ത് നൈതികത പുലർത്തേണ്ടതാണ് എന്ന കാഴ്ചപ്പാട് അവരുടെ നിലപാടുകളെ സ്വാധീനിക്കുമെന്ന് വത്തിക്കാന്റെ നീതിക്കും സമാധാനത്തിനും വേണ്ടിയുള്ള കാര്യാലയത്തിന്റെ തലവൻ കർദ്ദിനാൾ പീറ്റർ ടർക്സൺ വ്യക്തമാക്കി.

**മാർപ്പാപ്പ ജിപ്സികളെ വത്തിക്കാനിലേക്കു സ്വാഗതം ചെയ്തു.**

---

പരിശുദ്ധ പിതാവ് ബനഡിക്റ്റ് 16-ാ മൻ മാർപ്പാപ്പ ജിപ്സികളെ വത്തിക്കാനിലേക്കു സ്വാഗതം ചെയ്തു. ജൂൺ 11-ാം തീയതി ഞായറാഴ്ച ജിപ്സി സമൂഹത്തിലെ അംഗവും വാഴ്ത്തപ്പെട്ടവനുമായ സെഫിറീനോ ജിമേനേസ് മാല്ലയുടെ 150 ജന്മവാർഷികത്തോടനുബന്ധിച്ച് റോമിൽ ഒരുമിച്ചുകൂടിയ രണ്ടായിരത്തോളം ജിപ്സികൾ എന്ന നാടോടി വംശജരെയാണ് പരിശുദ്ധപിതാവ് അഭിസംബോധന ചെയ്തത്.

രക്തസാക്ഷിയായ സെഫിറീനോ പ്രാർത്ഥനയുടെയും കുദാശപരമായ ജീവിതത്തിന്റെയും പാവങ്ങളോടുള്ള പ്രത്യേക പരിഗണനയുടെയും വിശിഷ്ട സാക്ഷ്യമാണു നല്കുന്നതെന്നു മാർപ്പാപ്പ വ്യക്തമാക്കി. ഈ മാതൃകകൾ പിഞ്ചെല്ലാൻ എല്ലാവർക്കും കടമയുണ്ട്, മാർപ്പാപ്പ പറഞ്ഞു.

ഇരുപതു യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ള ഏഴ് ജിപ്സി വംശങ്ങളിൽ നിന്നുള്ളവരാണ് വത്തിക്കാനിൽ ഒരുമിച്ചുകൂടിയത്. ജിപ്സികൾ നാസിയഭരണകാലത്ത് കഠിനമായി പീഡിപ്പിക്കപ്പെടുകയും നിഷ്ഠൂരമായി കൊന്നൊടുക്കപ്പെടുകയും ചെയ്തിരുന്നു. മാർപ്പാപ്പയുമായുള്ള കൂടിക്കാഴ്ചയിൽ അവർ അനുഭവിച്ച പീഡനങ്ങൾ ജിപ്സികൾ മാർപ്പാപ്പയെ അറിയിച്ചു.

**വികസനപ്രവർത്തനങ്ങളുടെ പേരിൽ പാവപ്പെട്ടവരെ പുറത്താക്കുന്നത് അപലപനീയം:**

**ബിഷപ് ഡോ.സ്റ്റീഫൻ അത്തിപ്പൊഴിയിൽ**

---



വികസന പ്രവർത്തനങ്ങളുടെ പേരിൽ പാവപ്പെട്ടവരെ പുറത്താക്കുന്നത് അപലപനീയമാണെന്നു ബിഷപ് ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ. കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ സാമൂഹ്യസേവന വിഭാഗത്തിന്റെ നേതൃത്വത്തിൽ തയാറാക്കുന്ന സമഗ്രവികസന മാർഗരേഖ രൂപീകരണ യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദേഹം. സമൂഹ യാഥാർഥ്യങ്ങളെ മനസിലാക്കി ജനങ്ങളുടെ പക്ഷംചേരുന്ന വികസനത്തിനാണു സാമൂഹ്യ സേവന സംഘടനകൾ മുൻതൂക്കം നല്കേണ്ട തെന്നും ബിഷപ് പറഞ്ഞു.

**അധ്യാപകർ സമൂഹത്തിന്റെ ശക്തി:**

**മാർ ജോസഫ് കല്ലറങ്ങാട്ട്**

---



കേരള വിദ്യാഭ്യാസരംഗത്ത് സമഗ്ര വികസനത്തിന്റെ പാത തുറന്ന ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ വിദ്യാഭ്യാസ ദർശനത്തിന്റെ തെളിവുകളാണ് പള്ളിക്കൂടങ്ങളെന്ന് മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു. അറിവിന്റെ ക്ഷതമില്ലാത്ത വിഗ്രഹം അക്ഷരമായി വിദ്യാർഥിഹൃദയത്തിൽ പഠിപ്പിക്കാൻ സന്നദ്ധരായ അധ്യാപകരാണ് ഈ സമൂഹത്തിന്റെ ശക്തിയെന്ന് ബിഷപ് ഓർമിപ്പിച്ചു. ചാവറ പബ്ലിക് സ്കൂളിലെ മെറിറ്റ് ഡേ ഉദ്ഘാടനം ചെയ്യുകയായിരുന്നു ബിഷപ്. സിബിഎസ്ഇ പത്ത്, പന്ത്രണ്ട് ക്ലാസുകളിൽ നൂറു ശതമാനം വിജയം കൈവരിച്ച വിദ്യാർഥികളെ യോഗത്തിൽ അനുമോദിച്ചു. ഉന്നത വിജയം നേടിയ കുട്ടികൾക്ക് സർട്ടിഫിക്കറ്റും കാഷ് അവാർഡും സമ്മാനിച്ചു.

**കുടുംബങ്ങളിലെ ആത്മീയ ചൈതന്യം തിരികെ കൊണ്ടുവരാൻ ജീസസ് യൂത്തിന് കഴിയും:**

**മാർ പോളി കണ്ണൂക്കാടൻ**

---



കുടുംബങ്ങളിലെ ആത്മീയചൈതന്യം തിരികെകൊണ്ടുവരാനുംവളർത്താനും ജീസസ് യൂത്തിന് കഴിയുമെന്ന് ഇരിങ്ങാലക്കുട രൂപത ബിഷപ് മാർ പോളി കണ്ണൂക്കാടൻ. ഇരിങ്ങാലക്കുട രൂപത ജീസസ് യൂത്ത് സംഘടിപ്പിച്ച പെന്തക്കുസ്താ ദിനാഘോഷ ങ്ങളുടെ സമാപന സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. അനുകൂലമായതിനെ തെരഞ്ഞെടുക്കുകയല്ല ശരിയെ തെരഞ്ഞെടുക്കുകയാണ് യഥാർഥ ക്രൈസ്തവന്റെ

കടമ. ആവശ്യക്കാരനെ കണ്ടറിഞ്ഞ് അനുകമ്പയിലൂടെയും ആർദ്രതയിലൂടെയും അവനോട് പക്ഷം ചേരുകയെന്നതാണ് യഥാർഥ നീതിബോധമെന്ന് ബിഷപ് കൂട്ടിച്ചേർത്തു. ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളജിൽ നടന്ന പെന്തക്കുസ്ത ദിനാഘോഷം ജീസസ് യൂത്തിന്റെ 25 മുൻകാല നേതാക്കൾ 25 നിലവിളക്കു കൾ തെളിച്ച് ഉദ്ഘാടനം ചെയ്തു.

**യുവജനങ്ങൾ നന്മയുടെ വക്താക്കളാകണം: മാർ ജോസഫ് പള്ളിക്കാപറമ്പിൽ**

യുവജനങ്ങൾ ആധുനിക സമൂഹത്തിൽ നന്മയുടെയും സ്നേഹത്തിന്റെയും വക്താക്കളാകണമെന്ന് മാർ ജോസഫ് പള്ളിക്കാപറമ്പിൽ പറഞ്ഞു. കെസിവൈഎം പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ യൂത്ത് ആനിമേറ്റേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം ഉദ്ഘാടനം ചെയ്യുകയാ യിരുന്നു ബിഷപ്. യുവജനം രാഷ്ട്രവിക സനത്തിനു നിർണായക പങ്കുവഹിക്കേണ്ട വരാണെന്നും വിശ്വാസത്തിൽ ആഴപ്പെട്ടു ജീവിക്കണമെന്നും മാർ പള്ളിക്കാപറമ്പിൽ പറഞ്ഞു.

**മതവും രാഷ്ട്രീയവും തമ്മിൽ കലഹിക്കേണ്ടതില്ല: മാർ ജോസഫ് പെരുന്തോട്ടം**



മതവും രാഷ്ട്രീയവും ലക്ഷ്യം വയ്ക്കുന്നതു സമൂഹത്തിന്റെ വളർച്ചയും നന്മയുമായതിനാൽ തമ്മിൽ കലഹിക്കേണ്ട ആവശ്യമില്ലെന്നു ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീ ത്ത മാർ ജോസഫ് പെരുന്തോട്ടം. ഭാഷകൾ മനസിലാകാതെ പോകുന്നതിനാലും ആന്തരികമായി പറയുന്നതിന്റെ അർഥം അറിയാത്തതിനാലുമാണു ഭിന്നിപ്പുണ്ടാകുന്നത്. സ്വാർഥതയാണ് എല്ലാ പ്രശ്നങ്ങളുടെയും മൂലകാരണം. അടിസ്ഥാന ഐക്യവും പരസ്പര ധാരണയും വളരണമെന്നു മാർ പെരുന്തോട്ടം നിർദേശിച്ചു. സീറോ മലബാർ സഭാ മേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരിക്കു തിരുവനന്തപുരം ലൂർദ് പള്ളിയിൽ വിവിധ ക്രൈസ്തവസഭകളുടെ നേതൃത്വത്തിൽ നൽകിയ സ്വീകരണസമ്മേളനത്തിൽ അധ്യക്ഷപ്രസംഗം നടത്തുകയായിരുന്നു മാർ പെരുന്തോട്ടം. ആന്തരികമായ ഐക്യത്തിലേക്കു നാടിനെയും സമൂഹത്തെയും നയിക്കണം. ഐക്യത്തിലേക്കു സമൂഹത്തെ നയിക്കാനുള്ള നിയോഗം മതാചാര്യൻമാർക്കുണ്ട്. ഈ ദൗത്യം നിറവേറ്റാനുള്ള കഴിവു പുതിയ മേജർ ആർച്ച്ബിഷപ്പിനുണ്ടെന്നു മാർ പെരുന്തോട്ടം പറഞ്ഞു.സമൂഹത്തിന്റെ നന്മയും സുസ്ഥിതിയുമാണു സഭ ലക്ഷ്യംവയ്ക്കു ന്നതെന്നു സ്വീകരണസമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ടു മലങ്കര കത്തോലിക്കാസഭാ മേജർ ആർച്ച്ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ പറഞ്ഞു. സഭ കക്ഷിരാഷ്ട്രീയ ത്തിനതീതമായാണു ചിന്തിക്കുന്നതും പ്രവർത്തിക്കു ന്നതും. ഇത് അടിസ്ഥാന നിലപാടും സ്വഭാവവുമാണ്.

ഈശ്വരചൈതന്യം സമൂഹത്തിൽ നിലനിൽക്കുകയും വളരുകയും വേണം. വലിയ പുരോഗതിക്കിടെ ചെറിയ കുടുംബങ്ങൾ അവഗണിക്കപ്പെട്ടുകൂടാ. സാമൂഹ്യ യാഥാർഥ്യങ്ങൾ പരിഗണിക്കണം. വിവിധ മതങ്ങളുടെ യോജിച്ചുള്ള മുന്നേറ്റം സാമൂഹ്യ സുസ്ഥിതിക്കാവശ്യമാണ്. സർക്കാരിന്റെ ക്രിയാത്മക സമീപനങ്ങൾക്കു പിന്തുണ നൽകാനും കഴിയണം. അതിപുരാതനമായ സീറോ മലബാർ സഭയിൽ പുതിയ ചരിത്രം കുറിക്കുന്നതിനു മാർ ജോർജ് ആലഞ്ചേരിക്കാകുമെന്നു മാർ ക്ലിമീസ് കാതോലിക്കാ ബാവ പറഞ്ഞു. സീറോ മലബാർ സഭയ്ക്കു ദൈവം ചൂണ്ടിക്കാണിച്ചുകൊടുത്ത ഇടയാനാണു മാർ ആലഞ്ചേരിയെന്നു തിരുവനന്തപുരം ലത്തീൻ ആർച്ച്ബിഷപ് ഡോ.സൂസപാക്യം പറഞ്ഞു. അബ്രാഹമിന്റെ വിളിപോലെയാണു മാർ ആലഞ്ചേരിയുടെ തെരഞ്ഞെടുപ്പെന്നു മന്ത്രി കെ.എം.മാണി അഭിപ്രായപ്പെട്ടു. കെ.എം.മാണി മേജർ ആർച്ചബിഷപ്പിനെ പൊന്നാടയണിയിച്ചു.

**അഖണ്ഡ ബൈബിൾ പാരായണ യജ്ഞം**

ആത്മാവിനെയും മനസിനെയും ദൈവികമാക്കാൻ കരുത്തുള്ളതാണു വചനവായനയെന്നു സീറോ മലബാർ സഭാ മേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരി. കെസിബിസി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ പിഒസിയിൽ ആരംഭിച്ച അഖണ്ഡ ബൈബിൾ പാരായണയജ്ഞം, നൂറുമേനി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേവലം വായനാനുഭവത്തിനപ്പുറം ദൈവാത്മാവിന്റെ പ്രവർത്തനം ബൈബിൾ പാരായണത്തിൽ സംഭവിക്കുന്നുണ്ട്. പ്രഘോഷിക്കപ്പെടേണ്ടതാണു വചനം. ഈ പ്രപഞ്ചം മുഴുവൻ നിറഞ്ഞു നിൽക്കുന്നതാണു ദൈവവചനം. എല്ലാ പ്രപഞ്ച വസ്തുക്കളിലും ദൈവികസാന്നിധ്യം തിരിച്ചറിയാൻ നമുക്കാവണം. വചനവായനയിൽ നാം ദൈവവു മായി സംസാരിക്കുക മാത്രമല്ല, ദൈവം നമ്മെ കേൾക്കുക കൂടി ചെയ്യുന്നുണ്ട്. വചനവായന കൂടുതൽ മനുഷ്യോന്മുഖമാകണമെന്നും മാർ ആലഞ്ചേരി ഓർമിപ്പിച്ചു. ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ് മാർ ജോർജ് പുന്നക്കോട്ടിൽ

അധ്യക്ഷത വഹിച്ചു. ആശ്വാസദായകവും കൃപാവരങ്ങളുടെ ഉറവിടവുമായ വചനം സമാനതകളില്ലാത്ത ശക്തിയാണെന്ന് അദ്ദേഹം പറഞ്ഞു.പഴയനിയമ ഭാഗങ്ങൾ ഉൾപ്പെടുത്തി ബൈബിൾ കമ്മീഷൻ തയാറാക്കിയ ഓഡിയോ സി ഡി മാർ പുന്നക്കോട്ടിൽ പ്രകാശനം ചെയ്തു. കെസിബിസി അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ. ജോസ് വിതയത്തിൽ ആദ്യപ്രതി ഏറ്റുവാങ്ങി.

ബൈബിൾ പാരായണയജ്ഞത്തോടനുബന്ധിച്ച് ഒരുക്കിയ ബൈബിൾ എക്സിബിഷന്റെ ഉദ്ഘാടനം കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ റവ.ഡോ.സ്റ്റീഫൻ ആലത്തറ നിർവഹിച്ചു
വിശുദ്ധ ഗ്രന്ഥത്തിന്റെ ചരിത്രവഴികളും വർത്തമാനവും അടയാളപ്പെടുത്തുന്ന ബൈബിൾ എക്സിബിഷൻ ശ്രദ്ധേയമാകുന്നു. കെസിബിസി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ പിഒസിയിൽ ആരംഭിച്ച അഖണ്ഡ ബൈബിൾ പാരായണയജ്ഞത്തോടനുബന്ധിച്ചാണ് എക്സിബിഷൻ ഒരുക്കിയിട്ടുള്ളത്. നാൽപ്പത്തിരണ്ടു ഭാഷകളിൽ അച്ചടിച്ച ബൈബിളുകൾ തുടങ്ങി ഒരു ദിവസം കൊണ്ടു പകർത്തിയ സമ്പൂർണ ബൈബിളിന്റെ കൈയെഴുത്തുപ്രതിവരെ പ്രദർശനത്തിലുണ്ട്. മലയാളത്തിൽ ആദ്യമായി അച്ചടിച്ച ബൈബിൾ കാണാൻ കാഴ്ചക്കാർ ഏറെയാണ്. 1811 ൽ പുറത്തിറങ്ങിയ ഈ ബൈബിൾ മുംബൈയിൽ നിന്നാണ് എത്തിച്ചത്. പഴയ മലയാള ലിപിയാണ് ഇതിൽ ഉപയോഗിച്ചിരിക്കുന്നത്. മലയാളത്തിൽ പുറത്തിറങ്ങിയ ബൈബിളിന്റെ വിവിധ പതിപ്പുകളും വ്യാഖ്യാനങ്ങളും പ്രദർശനത്തിലുണ്ട്. ബൈബിൾ സംഭവങ്ങൾ ചിത്രീകരിച്ചു പുറത്തിറങ്ങിയ വിവിധ രാജ്യങ്ങളുടെ സ്റ്റാമ്പുകളുടെയും പ്രദർശനം ഇവിടെ ഒരുക്കിയിട്ടുണ്ട്. അറുപത്തിയേഴു രാജ്യങ്ങളുടെ 1,507 സ്റ്റാമ്പുകളാണ് ആകർഷകമായ തരത്തിൽ പ്രദർശനത്തിൽ സജ്ജമാക്കിയിരിക്കുന്നത്. സൃഷ്ടി മുതൽ പന്തക്കുസ്ത വരെയുള്ള ബൈബിൾ സംഭവങ്ങളാണ് സ്റ്റാമ്പുകളിൽ ചിത്രീകരി ച്ചിരിക്കുന്നത്. ഉത്പത്തിയുടെ ചിത്രീകരണവുമായി വർഷങ്ങൾക്കു മുമ്പ് ഇന്ത്യ പുറത്തിറക്കിയ 50 പൈസയുടെ സ്റ്റാമ്പ് കാഴ്ചക്കാരുടെ ശ്രദ്ധയാ കർഷിക്കുന്നതാണ്. ബൈബിളിനെക്കുറിച്ച് ആഴത്തിൽ പഠിക്കാനും അറിയാനും ആഗ്രഹിക്കുന്ന വർക്കു സഹായകമായ നിരവധി കാര്യങ്ങൾ പ്രദർശനത്തിൽ നിന്നു ലഭിക്കുമെന്നു ബൈബിൾ കമ്മീഷൻ സെക്രട്ടറി റവ. ഡോ. ജോഷി മയ്യാറ്റിൽ പറഞ്ഞു.

## ജാഗ്രതാ വാർത്ത

**പരിയാരത്ത് ഫീസിനത്തിൽ വാങ്ങുന്നത് കോടികൾ: വാടകക്കുടിശിക നൽകാനുള്ളത് 75.5 കോടി**

---

Manorama 14th June 2011

എംബിബിഎസിനും പിജിക്കുമൊക്കെ കണക്കു പറഞ്ഞു കോടികൾ ഫീസ് ഈടാക്കുമ്പോഴും പരിയാരം മെഡിക്കൽ കോളേജ് അധികൃതർ വാടകയിനത്തിൽ ആശുപത്രി സഹകരണ സംഘത്തിനു നൽകാനുള്ളത് 75.5 കോടി രൂപ. കേരള സ്റ്റേറ്റ് ഹോസ്പിറ്റൽ കോംപ്ലക്സ് ആൻഡ് സെന്റർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവീസസ് ലിമിറ്റഡ്( കെസിഎച്ച്സി) എന്ന ആശുപത്രി സഹകരണ സംഘം നാമനിർദേശം ചെയ്യുന്ന സ്വകാര്യ ട്രസ്റ്റായ അക്കാദമി ഓഫ് മെഡിക്കൽ സയൻസസ് (എസിഎംഇ) ആണു കോളേജ് നിയന്ത്രിക്കുന്നത്. ആശുപത്രി സഹകരണ നിയമത്തിനു കീഴിലും ട്രസ്റ്റ് ചാരിറ്റബിൾ സൊസൈറ്റി നിയമത്തിനു കീഴിലും നിലവിൽ വന്ന വ്യത്യസ്ത സ്ഥാപനങ്ങളാണ്. (മാർക്സിസ്റ്റു പാർട്ടിയുടെ പ്രതിനിധികളാണ് സഹകരണ മെഡിക്കൽ കോളേജ് ഭരിക്കുന്നത്).

2011 ലെ കണക്കുകൾ പ്രകാരം പരിയാരം ആശുപത്രി സഹകരണ സംഘത്തിനു 350 കോടിയിലേറെ രൂപയുടെ നഷ്ടമുണ്ട്. ഹഡ്കോ വായ്പ പലിശസഹിതം 260 കോടിരൂപയായി. സംസ്ഥാന സർക്കാരിനു നൽകാനുള്ളത്61.59 കോടി രൂപ. എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നു പ്രവർത്തന മൂലധനത്തിനായി എടുത്ത 41 കോടി രൂപയും മറ്റു ബാങ്കുകളിലെ കടവും തിരിച്ചടയ്ക്കാനുണ്ട്. ആശുപത്രിയിൽ നിന്നുള്ള വരുമാനം നിത്യച്ചെലവിനു മാത്രമേ തികയൂ എന്നാണ് അധികൃതരുടെ വിശദീകരണം. 2007 നു മുൻപ് എടുത്ത വായ്പയുടെ പലിശ വർധിച്ചു വരുന്നതാണു ഭീമമായ നഷ്ടത്തിനു കാരണമെന്നും നാലു വർഷത്തിനിടെ 11 കോടി രൂപ പലിശ ഇനത്തിൽ തിരിച്ചടച്ചതായും അധികൃതർ അറിയിച്ചു.

## വാരാന്ത്യവീക്ഷണം

### സ്വാശ്രയ പ്രശ്നങ്ങൾ പരിഹൃതമാകാൻ

സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസരംഗം വീണ്ടും ചർച്ചകളിലേക്കും പ്രക്ഷോഭങ്ങളിലേക്കും വന്നിരിക്കയാണല്ലോ. ഇതിൽ ഉൾപ്പെട്ടിരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ കാണിക്കുന്ന ശുഷ്ക്കാന്തിയെ പ്രത്യേകമായി അഭിനന്ദിക്കുന്നു. യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളാൻ ബഹുമാനപ്പെട്ട മന്ത്രിമാർക്കാണിക്കുന്ന താല്പര്യവും സന്തോഷത്തോടെ കാണുന്നു.

1993 ലെ ഉണ്ണികൃഷ്ണൻ കേസിനെ ആസ്പദമാക്കി 50:50 എന്ന ആശയം ഉയർന്നു വന്നിരുന്നു. എന്നാൽ 2001 ലെ ടി. എം. എ. പൈ കേസിന്റെ വിധിയിൽ പതിനൊന്നംഗ ഭരണഘടനാബഞ്ച് 1993 ലെ കോടതി വിധി നീതിക്കും നിയമത്തിനും വിരുദ്ധമായി കണ്ടെത്തി റദ്ദു ചെയ്തു. കാലഹരണപ്പെട്ട കോടതിവിധിയെ ഇപ്പോഴും ആരെങ്കിലും ഉയർത്തിപ്പിടിക്കുന്നുണ്ടെങ്കിൽ അവർ നിയമവാഴ്ചക്കും ജനാധിപത്യത്തിനും എതിരു നില്ക്കുന്നുവെന്നാണ് കാണേണ്ടത്.

ക്രോസ്സ് സബ്സിഡി അഥവാ ഒരു വിഭാഗം വിദ്യാർത്ഥികളിൽ നിന്നും ഇരട്ടി ഫീസുവാങ്ങി മറ്റൊരു വിഭാഗം വിദ്യാർത്ഥികളെ സൗജന്യമായി പഠിപ്പിക്കുന്ന സമ്പ്രദായം അനീതിയാണ്. ഒരു വിഭാഗം വിദ്യാർത്ഥികളോട് കടുത്ത അനീതി കാട്ടി മറ്റൊരു വിഭാഗത്തിനു സൗജന്യം ചെയ്യലാണ് അത്. അതും കോടതി അനീതിയും നിയമവിരുദ്ധവുമായി കണ്ടെത്തി റദ്ദു ചെയ്തു.

ഭാഷാ മത ന്യൂനപക്ഷങ്ങൾക്ക് സ്വന്തമായി വിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്താനുള്ള സ്വാതന്ത്ര്യവും അവകാശവുമുണ്ട്. സ്വന്തം മതവും സംസ്കാരവും സംരക്ഷിച്ച് ഭാഷാ മത ന്യൂനപക്ഷങ്ങൾ നിലനില്ക്കണമെന്ന ജനാധിപത്യ നിലപാടിൽ നിന്നാണ് ഈ വിദ്യാഭ്യാസ സ്വാതന്ത്ര്യം രൂപമെടുക്കുന്നത്. ഭരണഘടന 30(1) ഉറപ്പുതരുന്ന സ്വാതന്ത്ര്യം നിഷേധിക്കാൻ കഴിയുന്നതല്ല. അതുനിഷേധിക്കാൻ ശ്രമിച്ചതുകൊണ്ടാണ് 2006 ലെ സ്വാശ്രയനിയമം കോടതി റദ്ദു ചെയ്തത്. അതുകൊണ്ട് ന്യൂനപക്ഷങ്ങളുടെ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ അവരുടെ യോഗ്യരായ വിദ്യാർത്ഥികൾക്ക് പരമാവധി പ്രവേശനം കൊടുക്കണം.

ഈ സാഹചര്യത്തിൽ ഈ അടിസ്ഥാനതത്വങ്ങളിൽ ഉറച്ചുനിന്നുകൊണ്ടുള്ള ധാരണകൾക്കേ സാംഗത്യമുള്ളു. വിദ്യാർത്ഥി പ്രവേശനം മെരിറ്റനുസരിച്ചു മാത്രമായിരിക്കണം. ഓരോ അവാന്തരവിഭാഗത്തിലും ഉള്ളവരിൽ ഏറ്റവും മെരിറ്റുള്ളവർക്ക് പ്രവേശനം. ന്യായമായ ഒരേ ഫീസ് ആയിരിക്കണം എല്ലാവർക്കും. അല്ലെങ്കിൽ ആരെങ്കിലും കേസിനുപോയാൽ ധാരണകൾ തകർക്കപ്പെടും. പാവപ്പെട്ട വിദ്യാർത്ഥികളെ പഠിപ്പിക്കാനുള്ള ചുമതല പൊതുസമൂഹത്തിനുമുണ്ട്. അതിൽ നിശ്ചിത പങ്കുവഹിക്കാൻ മാനേജുമെന്റുകൾ തയ്യാറാകും. സർക്കാർ മെഡിക്കൽ കോളേജിലേതുപോലെ ബോണ്ട് ഏർപ്പെടുത്തി അവർക്കു സ്കോളർഷിപ്പു നല്കാൻ കേരളത്തിലെ സാഹചര്യത്തിൽ ആരോഗ്യവകുപ്പിനു കഴിയും. ആരീതിയിൽ പദ്ധതികളാവിഷ്ക്കരിക്കാൻ എല്ലാവരും പരിശ്രമിക്കും. എൻട്രൻസ് പരീക്ഷയിലൂടെ സർക്കാരിനും ലഭിക്കുന്ന അഞ്ചുകോടിരൂപയോളം സ്കോളർഷിപ്പു ഫണ്ടാക്കാൻ ഒരു ബുദ്ധിമുട്ടും ഉണ്ടാകില്ല. വിദ്യാർത്ഥി പ്രവേശനത്തിൽ കർണ്ണാടകത്തിലും മറ്റെല്ലാ സംസ്ഥാനങ്ങളിലും ഉള്ളതുപോലെ ന്യൂനപക്ഷങ്ങൾക്ക് തങ്ങൾ നടത്തുന്ന കോളേജിൽ യോഗ്യരായ വിദ്യാർത്ഥികളെ മെരിറ്റനുസരിച്ച് പ്രവേശിപ്പിക്കാൻ കഴിയണം. കഴിഞ്ഞ ഗവൺമെന്റ് അത് 65:35 എന്ന രീതിയിലാക്കിയിരുന്നുവെന്നതും ഓർക്കുന്നു.

ഇങ്ങനെ നിയമത്തിലും നീതിയിലും ഉറച്ചു നില്ക്കുന്ന ധാരണകൾക്കു രൂപം നല്കാൻ എല്ലാവരും സഹകരിച്ചാൽ എല്ലാപ്രശ്നങ്ങളും പരിഹൃതമാകും.


**"Jagratha News"** - An internet news service is free and for private circulation

**Web:** www.kcbcsocialharmony.org

**Blog:** jagrathakcbc.blogspot.com

**Designed and Edited by** Fr. Philip Nelpuraparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C., P.B. No. 2251, Palarivattom, Kochi-25, INDIA